സർക്കാർ വാഹനങ്ങളിലെ ചുവന്ന ലൈറ്റ്

63 (109) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളിൽ ചുവന്ന ലൈറ്റുകൾ പ്രകാശിപ്പിക്കുവാൻ (ഘടിപ്പിക്കുവാൻ) അനുവദിച്ചിട്ടുള്ള പ്രധാന വ്യക്തികൾ ആരൊക്കെയാണ്; ഇത് സംബന്ധമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(ബി) സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത ആരെങ്കിലും വാഹനങ്ങളിൽ ചുവന്ന ലൈറ്റ് ഘടിപ്പിച്ച് യാത്ര ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വാഹനങ്ങളിൽനിന്ന് ചുവന്ന ലൈറ്റ് നീക്കം ചെയ്യാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 1. ഗവർണ്ണർ
2. മുഖ്യമന്ത്രി
3. സ്പീക്കർ
4. ഹൈക്കോടതി ചീഫ് ജസ്റ്റിസ്
5. മന്ത്രിമാർ
6. പ്രതിപക്ഷ നേതാവ്
7. ഗവണ്മെന്റ് ചീഫ് വിപ്പ്
8. ഹൈക്കോടതി ജഡ്ജിമാർ
9. ഡെപ്യൂട്ടി സ്പീക്കർ
10. ചീഫ് സെക്രട്ടറി

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വിശിഷ്ടവ്യക്തികളുടെ ഔദ്യോഗിക വാഹനങ്ങൾക്കും അവർക്ക് അകമ്പടി പോകുന്ന വാഹനങ്ങൾക്കും കേന്ദ്ര മോട്ടോർ വാഹനചട്ടം 108(111) അനുസരിച്ച് ചുവന്ന ലൈറ്റ് ഘടിപ്പിക്കാവുന്നതാണ്. ബന്ധപ്പെട്ട ഉത്തരവുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.†

(ബി) ഉണ്ട്.

(സി) പ്രസ്തുത വാഹനങ്ങളിലെ ചുവന്ന ലൈറ്റ് നീക്കം ചെയ്യുവാൻ വേണ്ട നടപടി കൈക്കൊള്ളുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്രട്ടേറിയറ്റ് ക്ലിനിക്കിൽ നേത്രരോഗവിദഗ്ദ്ധന്റെ സേവനം.

64 (110) ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റ് ഹെൽത്ത് ക്ലിനിക്കിൽ നേത്രരോഗ വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതിനുവേണ്ടി നടപടി കൈക്കൊള്ളുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly